## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3238 25 .06.2012 - ലെ മറുപടിക്ക്

### 50 വയസ്സു കഴിഞ്ഞ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ. കെ. വി.അബ്ദുൾ ഖാദർ | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| (എ) സർക്കാർ സർവ്വീസിലുള്ള 50 വയസ്സു കഴിഞ്ഞ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനായി ഡിപ്പാർട്ടുമെന്റൽ പരീക്ഷകൾ പാസ്സാകണമെന്ന നിബന്ധന നിലവിലുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;<br><br>(സി) തസ്തിക മാറ്റം വഴി ഉയർന്ന തസ്തികയിൽ നിയമനം ലഭിക്കുന്ന അമ്പതു വയസ്സു കഴിഞ്ഞ ജീവനക്കാർക്ക് പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഏതെങ്കിലും ടെസ്റ്റ് പാസ്സാകേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ? | (എ) യും (ബി) യും (സി) യും<br><br>സർക്കാർ സർവ്വീസിലുള്ളവരും 1981 ആഗസ്റ്റ് 26-ാം തീയതിയിലോ അതിനു ശേഷമോ 50 വയസ്സു പൂർത്തിയാക്കുന്നവരും ആയ ജീവനക്കാർക്ക് അവരുടെ മൊത്തം സേവനകാലം പരിഗണിക്കാതെ തന്നെ, പ്രൊമോഷൻ, ഒരു സർവ്വീസിലെ പൂർണ്ണ അംഗമായിട്ടുള്ള നിയമനം (confirmation) മുതലായ എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും അവശ്യ യോഗ്യതയായി (essential qualification) വിശേഷാൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള തൊഴികെയുള്ള നിർബന്ധക ടെസ്റ്റുകൾ (obligatory test) പാസാകുന്നതിൽ നിന്നും KS&SSR ചട്ടം 13 B പ്രകാരം സ്ഥിരമായ ഒഴിവാക്കലിന് അർഹതയുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ